35569
15/3/17

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കൃഷി വകുപ്പ് – ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ(എം.എസ്)നമ്പർ.28 /17/കൃഷി തീയതി, തിരുവനന്തപുരം,03/03/2017

പരാമർശം:- 1) 31.01.2009 ലെ സ.ഉ (പി).22/2009/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) 16.08.2011 ലെ സ.ഉ (എം.എസ്).197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3) 13.02.2012 ലെ സ.ഉ (എം.എസ്).26/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
4) 25.06.2014 ലെ സ.ഉ (എം.എസ്).147/2014/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
5) 26.09.2016 ലെ സ.ഉ (എം.എസ്).133/2016/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
6) കൃഷി വകുപ്പ് ഡയറക്ടറുടെ 05/10/2016-ലെ റ്റി,എസ്(1)10032/12 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെയും കർഷക ക്ഷേമം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി 60 വയസ്സ് പൂർത്തിയായ നെൽ കർഷകർക്ക് ആശ്വാസമായി പ്രതിമാസം 300/- രൂപ നിരക്കിൽ 'കിസാൻ അഭിമാൻ' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിയ്ക്ക് 2008-09 കാലഘട്ടത്തിൽ രൂപം നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.തുടർന്ന് 2011ൽ ടി പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും ഒരു ഹെക്ടറോ, അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ അനുവദിയ്ക്കുവാൻ പരാമർശം രണ്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെ ചെറുകിട നാമമാത്രകർഷകരായി കണക്കാക്കുകയും പെൻഷൻ തുക 400/-രൂപയായി വർദ്ധിപ്പിക്കുകയുമുണ്ടായി. പരാമർശം നാല് ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച 600/- രൂപയിൽനിന്നും പരാമർശം അഞ്ച് ഉത്തരവ് പ്രകാരം ടി പെൻഷൻ തുക 01/06/2016 പ്രാബല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ചും സർക്കാർ ഉത്തരവായിരുന്നു.

2. കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് പരാമർശം ആറ് പ്രകാരം കൃഷി ഡയറക്ടർ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.
2. തെരെഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.
3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.
4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല
5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചു വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.
6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.
8. ഒരു കുടുംബത്തിൽ ഭാര്യക്കോ / ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.
9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.
10. മറ്റേതെങ്കിലും പെൻഷനുകളുള്ള പക്ഷം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
11. നിലവിലുള്ള ലിസ്റ്റിൽ നിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.

12. പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് നിലവിലുള്ളസംവിധാനം ഉപയോഗിച്ചു കൊണ്ടു തന്നെ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.രാജു നാരായണസ്വാമി**
**കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ(അഗ്രി ബി) വകുപ്പ്(അഗ്രി-ബി1/169/2016-ധന തീയതി 21.02.2017 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**

11

രഹസ്യം

55

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-03-2017.

ഫയൽ നം.126/പി.ബി.1/2016/കൃഷി                                                  ഇനം നം: 767

വിഷയം : കൃഷി വകുപ്പ് - ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : താഴെപ്പറയുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

- മറ്റേതെങ്കിലും പെൻഷനുകളുള്ള പക്ഷം ഒരു പെൻഷന് മാത്രമെ അർഹതയുണ്ടായിരിക്കുകയുള്ളു.
- നിലവിലുള്ള ലിസ്റ്റിൽ നിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.
- പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

GOVERNMENT OF KERALA
SHRI. PINARAYI VIJAYAN MINISTRY
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | 126//PB1/2016/AD |
| 2 | Department | Agriculture(PB) Department |
| 3 | Subject | Agricualture Department – Small and Marginal Farmers Pension Scheme – Revision of Guidelines Issuance of orders – Reg. |
| 4 | Date of Chief Minister's order for placing before the Council | 26/02/2017 |
| 5 | (i) Does the case involve financial commitments/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | No |
| 7 | Name of Deputy Secretary who submitted the Draft Note | Sri.Boby Antony |
| 8 | Name of Secretary who approved the Draft Note | Dr.Raju Narayana Swamy IAS |
| 9 | Date of approval of the Draft Note for the Council by the Secretary | 01/03/17 |
| 10 | Name of Chief Secretary who approved the Draft Note | Sri. S.M.Vijayanand IAS |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 01/03/17 |
| 12 | Name of Minister who approved the Draft Note | Adv. V.S.Sunil Kumar |
| 13 | Date of approval of the Draft Note for the Council by the Minister | 01/03/17 |
| 14 | Date of submission of fair copies | 01/03/17 |
| 15 | Date of decision by the Council of Ministers | -------------- |
| 16 | Number and date of the G.O/letter communicating the decision | ---------------- |

## NOTE FOR THE COUNCIL OF MINISTERS

A pension scheme titled 'Kissan Abhiman' was evolved in 2008-09 as a part of enhancing agricultural production and ensuring farmers welfare. Under 'Kissan Abhiman', pension were given @ Rs.300/- per month to paddy farmers who complete the age of 60 years. . Subsequently in 2011, the scheme was reviewed and orders were issued as per G.O(MS) No.197/2011/Agri dated 16/8/2011 sanctioning pension @ Rs.300/- per month to small and marginal farmers having land holdings of one hectare or less. But in pursuance to the Cabinet Decision dated 8..2..2012, orders were issued to consider farmers who have land holdings upto 2 hectares as small and marginal farmers and the pension amount was enhanced to Rs.400/- as per G.O(MS) No.26/12/Agri dated 13..2..2012.Thereafter the same was enhanced to Rs.600/- as per G.O(MS) No.147/14/Agri dated 25..6..2014. Subsequently as per G.O(MS) No.133/16/Agri dated 26..9..2016 the pension amount has been enhanced to Rs.1000/- with effect from 1..6..2016.

2). Whereas the number of small and marginal farmers eligible for pension was 2,03,132 in 2012-13, the same increased over a period of time and stands at 3,56,663 at present. The proposal furnished by the Director of Agriculture to eliminate the ineligible beneficiaries from the pension scheme and to include only eligible farmers was examined and a set of revised guidelines was prepared and submitted to Finance Department The Finance Department has concurred to the modifications. When the file was circulated, the Hon'ble Chief Minister ordered to place the matter before the Council of Ministers.

3). In the above circumstances, the guidelines stipulated for payment of pension to small and marginal farmers as per G.O(MS) No.26/2012/Agri dated 13..2..2012 may be modified and revised orders may be issued incorporating the following guidelines.

1. Farmers who have completed the age of 60 years and who are cultivating in a land holding of not less than 10 cents and have a land holding upto 2 hectares and who main source of living is agriculture are eligible to enrol in the Small and Marginal Farmers' Pension Scheme.

2. Membership fee of selected farmers will be Rs.25/-

3. Annual income of the farmer should be less than Rs.1.5 lakh

4. Retired Government employees and others who receive pension are not eligible for this pension scheme.

5. Those who are inhabiting continuously in the respective Panchayats for 10 years and are engaged in cultivation alone are eligible to enrol in this scheme.

6. Those who have returned after serving abroad for long are eligible for this scheme provided they have been engaged in Agriculture Sector for at least 10 years subject to the other conditions.

7. The details of the person applying for the pension shall be certified by the Agricultural Officer concerned and sanction shall be obtained by submitting the same in the Karshika Vikasana Samithi every month and the person may be enrolled in the pension scheme with effect from the month in which sanction is so accorded.

8. In a family, husband / wife (one person) alone is eligible for this pension. In the event of death of the pensioner, if there is no other source of income, the spouse can be given pension.

**9.** The above norms shall be made applicable to those who are receiving agricultural pension at present as well.

## Point for decision

Whether orders incorporating the guidelines as explained at Para 3 above may be issued modifying the stipulations for payment of pension to Small and Marginal Farmers contained in G.O (MS) No.26/2012/Agri dated 13..2..2012 ?

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് – കർഷക ക്ഷേമം – ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് [illegible] പുറപ്പെടുവിക്കുന്നു.

---

കൃഷി (ആസൂത്രണം ബി) വകുപ്പ്

സ.ഉ.(എം.എസ്) 26/2012/കൃഷി തീയതി, തിരുവനന്തപുരം [illegible]

---

പരാമർശം:- (1) 16.8.2011-ലെ ജി.ഒ(എം.എസ്) 197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
(2) 22.10.2011 - ലെ റ്റി.പി (2) 16377/11 നമ്പരിലുള്ള കൃഷി ഡയറക്ടറുടെ കത്ത്.

<u>ഉത്തരവ്</u>

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി രണ്ട് ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറ് രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിന് കർഷകക്ഷേമബോർഡ് രൂപീകരിക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും പരാമർശം (2) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പരാമർശം ഒന്ന്-ലെ ഉത്തരവ് [illegible] ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ചെറുകിട നാമമാത്ര കർഷകരുടെ പെൻഷൻ [illegible] രൂപയായി വർദ്ധിപ്പിക്കുന്നു.

2) 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെ [illegible] നാമമാത്ര കർഷകരായി കണക്കാക്കുന്നത്

തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപയായിരിക്കും

നിലവിലുള്ള സംവിധാനം ഉപയോഗിച്ചുകൊണ്ടുതന്നെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.ജയകുമാർ
അഡീഷണൽ ചീഫ് സെക്രട്ടറി &
കാർഷികോത്പ്പാദന കമ്മീഷണർ

ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (യു.ഒ. നം. 89419/എ.ഡബ്ള്യൂ. ബി1/11/ധന. തീയതി, 28.12.2011)
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )

(കരുതൽ ഫയൽ/ഓഫീസ് കോപ്പി).

ഉത്തരവിൻപ്രകാരം
Sherly
സെക്ഷൻ ഓഫീസർ

ശരിപകർപ്പ്

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 126/പിബി1/2016/കൃഷി |
| 2 | വകുപ്പ് | കൃഷി (പി.ബി) വകുപ്പ് |
| 3 | വിഷയം | കൃഷി വകുപ്പ് - ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള – മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യ മന്ത്രിയുടെ ഉത്തരവ് തീയതി | 26/02/17 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | ഉണ്ട് |
| | (ii). സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ.ബോബി ആന്റണി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ.രാജു നാരായണ സ്വാമി ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 01/03/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.എസ്.എം.വിജയാനന്ദ് ഐ.എ.എസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 01/03/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ.വി.എസ്.സുനിൽ കുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | 01/03/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01/03/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെയും കർഷക ക്ഷേമം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി 60 വയസ്സ് പൂർത്തിയായ നെൽ കർഷകർക്ക് ആശ്വാസമായി 'കിസാൻ അഭിമാൻ' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിയ്ക്ക് 2008-09 കാലഘട്ടത്തിൽ രൂപം നൽകിയിരുന്നു. 'കിസാൻ അഭിമാൻ' പദ്ധതിയിൽ പ്രതിമാസം 300/- രൂപ നിരക്കിലാണ് നെൽ കർഷകർക്ക് പെൻഷൻ നൽകി വന്നിരുന്നത്. തുടർന്ന് 2011ൽ ടി പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും ഒരു ഹെക്ടറോ, അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ അനുവദിയ്ക്കുവാൻ 16.08.2011-ലെ സ.ഉ.(കൈ)197/2011/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ 08/02/2012-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 13.02.2012 ലെ സ.ഉ.(കൈ) 26/2012/കൃഷി നമ്പർ ഉത്തരവ് പ്രകാരം 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെ ചെറുകിട നാമമാത്രകർഷകരായി കണക്കാക്കുകയും പെൻഷൻ തുക 400/-രൂപയായി വർദ്ധിപ്പിക്കുകയുമുണ്ടായി. തുടർന്ന് 25..6..2014 ലെ സ.ഉ.(കൈ) 147/14/കൃഷി ഉത്തരവ് പ്രകാരം നിശ്ചയിച്ച 600/- രൂപയിൽനിന്നും 26/09/2016-ലെ സ.ഉ.(കൈ) 133/16/കൃഷി പ്രകാരം ടി പെൻഷൻ തുക 01/06/2016 മുതൽ പ്രാബല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ചും ഉത്തരവായിരുന്നു.

**(2)**. 2012-13 വർഷത്തിൽ 2,03,132 ചെറുകിട നാമമാത്രകർഷകരാണ് പെൻഷന് അർഹരായി ഉണ്ടായിരുന്നതെങ്കിൽ ഇത് കാലക്രമേണ വർദ്ധിച്ച് നിലവിൽ 3,56,663 ആയിട്ടുണ്ട്. കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് കൃഷി ഡയറക്ടർ സമർപ്പിച്ചിരുന്ന നിർദ്ദേശം പരിശോധിച്ച് ടി പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിന് പുതുക്കിയ കരട് മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധന വകുപ്പിന്റെ അഭിപ്രായത്തിനായി

സമർപ്പിച്ചിരുന്നു. ധനകാര്യ വകുപ്പ് കരട് മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

(3) മേൽ സാഹചര്യത്തിൽ, 13/02/2012-ലെ സ.ഉ.(കൈ) 26/2012/കൃഷി ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.
2. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.
3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.
4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.
5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചു വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.
6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.

8. ഒരു കുടുംബത്തിൽ ഭാര്യക്കോ / ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.
9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമാക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

ഖണ്ഡിക 3-ലെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 13..2..2012-ലെ സ.ഉ.(കൈ) 26/2012/കൃഷി പ്രകാരം പുറപ്പെടുവിച്ച ചെറുകിട നാമമാത്രകർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ ?

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കർഷക ക്ഷേമം- ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ആസൂത്രണം ബി) വകുപ്പ്

സ.ഉ.(എം.എസ്) 26/2012/കൃഷി തീയതി. തിരുവനന്തപുരം 13.2.2012.

---

**പരാമർശം:-** (1) 16.8.2011 ലെ ജി.ഒ(എം.എസ്) 197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

(2) 22.10.2011 - ലെ റ്റി.പി (2) 16377/11 നമ്പരിലുള്ള കൃഷി ഡയറക്ടറുടെ കത്ത്.

**<u>ഉത്തരവ്</u>**

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് കൊണ്ട് പരാമർശം ഒന്ന് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിന് കർഷകക്ഷേമബോർഡ് രൂപീകരിക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും പരാമർശം (2) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പരാമർശം ഒന്ന്-ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ 400/- രൂപയായി വർദ്ധിപ്പിക്കുന്നു.

2) 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെയായിരിക്കും ചെറുകിട നാമമാത്ര കർഷകരായി കണക്കാക്കുന്നത്

തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപയായിരിക്കും

നിലവിലുള്ള സംവിധാനം ഉപയോഗിച്ചുകൊണ്ടുതന്നെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.ജയകുമാർ
അഡീഷണൽ ചീഫ് സെക്രട്ടറി &
കാർഷികോത്പ്പാദന കമ്മീഷണർ

ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (യു.ഒ. നം. 89419/എ.ഡബ്ല്യൂ. ബി1/11/ധന. തീയതി, 28.12.2011)
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )

(കരുതൽ ഫയൽ/ഓഫീസ് കോപ്പി).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

ശരിപകർപ്പ്

സെക്ഷൻ ഓഫീസർ